**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987** **07-12-2022 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ശബരിമല തീർത്ഥാടകരുടെ ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നതിനായി ദേവസ്വം ബോർഡ് സ്വീകരിച്ച മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡിന് ശേഷമുള്ള ശബരിമല തീർത്ഥാടന കാലം എന്ന നിലയിൽ വൻ ഭക്തജന തിരക്ക് ഉണ്ടാകുമെന്നത് മുന്നിൽ കണ്ട് സർക്കാരും ദേവസ്വം ബോർഡും വിപുലമായ മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്.<br><br>തീർത്ഥാടകരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായുള്ള എല്ലാവിധ നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളും സുസജ്ജമാക്കിയിട്ടുള്ളതും, ആവശ്യാനുസരണം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫുകളെയും ജീവനക്കാരെയും നിയോഗിച്ചിട്ടുള്ളതും, ആംബുലൻസുകളും മരുന്നുകളും ക്രമീകരിച്ചിട്ടുള്ളതുമാണ്. തീർത്ഥാടന പാതകളിൽ തീർത്ഥാടകർക്ക് പ്രാഥമിക ശുശ്രൂഷ നൽകുന്നതിനായി 19 അടിയന്തിരഘട്ട വൈദ്യസഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. അതോടൊപ്പം തന്നെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശബരിമല തീർത്ഥാടകർക്ക് അടിയന്തിര വൈദ്യ സഹായത്തിനായി റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റ് ആരംഭിച്ചു. ഇടുങ്ങിയ പാതകളിലൂടെ സഞ്ചരിക്കാൻ കഴിയുന്ന ബൈക്ക് ഫീഡർ ആംബുലൻസ്, ദുർഘടപാതകളിലൂടെ പോകാൻ കഴിയുന്ന 4x4 റെസ്ക്യൂ വാൻ, ഐ.സി.യു ആംബുലൻസ് എന്നിവയും നിലവിലുള്ള ആംബുലൻസുകൾക്ക് പുറമെ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി നടപ്പ് വർഷം എന്തൊക്കെ സേവനങ്ങളാണ് അധികമായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡിന് ശേഷമുള്ള ശബരിമല തീർത്ഥാടന കാലം എന്ന നിലയിൽ വൻ ഭക്തജന തിരക്ക് ഉണ്ടാകുമെന്നത് മുന്നിൽ കണ്ട് സർക്കാരും ദേവസ്വം |

| | | | |
|---|---|---|---|
| | | | ബോർഡും വിപുലമായ മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്.<br><br>തീർത്ഥാടകരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായുള്ള എല്ലാവിധ നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളും സുസജ്ജമാക്കിയിട്ടുള്ളതും, ആവശ്യാനുസരണം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫുകളെയും ജീവനക്കാരെയും നിയോഗിച്ചിട്ടുള്ളതും, ആംബുലൻസുകളും മരുന്നുകളും ക്രമീകരിച്ചിട്ടുള്ളതുമാണ്. തീർത്ഥാടന പാതകളിൽ തീർത്ഥാടകർക്ക് പ്രാഥമിക ശുശ്രൂഷ നൽകുന്നതിനായി 19 അടിയന്തിരഘട്ട വൈദ്യസഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. അതോടൊപ്പം തന്നെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശബരിമല തീർത്ഥാടകർക്ക് അടിയന്തിര വൈദ്യ സഹായത്തിനായി റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റ് ആരംഭിച്ചു. ഇടുങ്ങിയ പാതകളിലൂടെ സഞ്ചരിക്കാൻ കഴിയുന്ന ബൈക്ക് ഫീഡർ ആംബുലൻസ്, ദുർഘടപാതകളിലൂടെ പോകാൻ കഴിയുന്ന 4x4 റെസ്ക്യൂ വാൻ, ഐ.സി.യു ആംബുലൻസ് എന്നിവയും നിലവിലുള്ള ആംബുലൻസുകൾക്ക് പുറമെ സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ